07/03/2025

FRIDAY വെള്ളിയാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/03/2025

1. കൊല്ലം @ 75 കൊല്ലം ജില്ലയുടെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പ്രദർശന വിപണന സേവന മേള 2025 മാർച്ച് 3 മുതൽ 10 വരെ, ആശ്രാമം മൈതാനം കൊല്ലത്ത് നടന്നുവരുന്നു. ഇതോടനുബന്ധിച്ച് കാഴ്ചകളുടെ വിസ്മയ മേള, കൊല്ലത്തിൻറെ ചരിത്ര പഥങ്ങളിലൂടെയുള്ള പ്രയാണം, പ്രദർശന വിപണന സ്റ്റാളുകൾ, പുസ്തകമേള, പുസ്തക ചർച്ച, കവിയരങ്ങ് എന്നിവയും വൈകിട്ട് 7 മണിക്ക് കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെൻ്റ് ഏജൻസി (ആത്മ) പ്രോഗ്രാമിന് കീഴിൽ കരാർ അടിസ്ഥാനത്തിൽ സ്റ്റേറ്റ് കോർഡിനേറ്റർ തസ്തികയിലെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു (ഒരു ഒഴിവ്) പ്രതിഫലം പ്രതിമാസം 50,000/- രൂപ കാലാവധി 1 വർഷം കാർഷിക വിജ്ഞാന വ്യാപനം, അഗ്രോണമി, ഹോർട്ടികൾച്ചർ, സോയിൽ സയൻസ്, കാർഷിക സാമ്പത്തികശാസ്ത്രം, ഫിഷറീസ്, മറ്റ് അനുബന്ധ മേഖലകളിലെ ഡോക്ടറേറ്റ് അല്ലെങ്കിൽ ബിരുദാനന്തര ബിരുദം ആണ് യോഗ്യത ഡോക്ടറേറ്റ് ഡിഗ്രി ഉള്ളവർക്ക് കോർഡിനേഷൻ, ആസൂത്രണം എന്നിവയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയവും. ബിരുദാനന്തര ബിരുദം ഉള്ളവർക്ക് 20 വർഷത്തെ പ്രവൃത്തി പരിചയവും ആവശ്യമാണ്. സർക്കാർ മേഖലയിലെ സേവന പരിചയം അഭിലഷണീയം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റ സഹിതം 20/03/2025 നകം ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം 695033, nodalatmakerala@gmail.com എന്ന ഇ -മെയിൽ ഐ ഡി യിലേക്കും അപേക്ഷ

സമർപ്പിക്കേണ്ടതാണ്. 58 വയസ്സിൽ താഴെ ഉള്ള അപേക്ഷകർക്ക് മുൻഗണന. യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ ഇൻ്ററർവ്യൂവിൻ്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതാണ്.

3. സ്വകാര്യ ഭൂമിയിൽ പച്ചത്തുരുത്ത് ഒരുക്കാൻ അവസരം സ്വകാര്യ ഭൂമിയിൽ പച്ചത്തുരുത്ത് ഒരുക്കാൻ കർമ്മ പദ്ധതിയുമായി ഹരിത കേരളം മിഷൻ. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തരിശ ഭൂമിയിലും ചെങ്കല്ല് വെട്ടിയൊഴിഞ്ഞതുൾപ്പെടെയുള്ള ഭൂമിയിലും വിവിധ സംഘടനകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ വൃക്ഷങ്ങൾ വെച്ച് പിടിപ്പിച്ച് പച്ചത്തുരുത്ത് ഒരുക്കാം. പച്ചത്തുരുത്ത് നിർമിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിക്ക് യോജിച്ച വൃക്ഷങ്ങളുടെ തൈകൾ ഹരിത കേരളം മിഷൻ ലഭ്യമാക്കും. മാർച്ച് പത്തിനകം പേര് രജിസ്റ്റർ ചെയ്യണം. ഇത്തരത്തിൽ നട്ടുവളർത്തുന്ന വൃക്ഷങ്ങൾ അഞ്ച് വർഷമെങ്കിലും മുറിച്ചു മാറ്റാൻ പാടില്ലെന്ന നിബന്ധന വയ്ക്കും. ഫോൺ- 8129218246

4. കാർഷിക സർവ്വകലാശാല, ഫലവർഗ ഗവേഷണ കേന്ദ്രം വെള്ളാനിക്കരയിൽ വിവിധയിനം പേര, ഡ്രാഗൺ ഫ്രൂട്ട്, മാവ്, നാരകം തൈകൾ വില്പനക്ക് തയ്യാറാണ്. ഫോൺ: 0487 2373242

5. വിതുര ജഴ്സി ഫാമിൽ പച്ച ചാണകം ഒരു ടണ്ണിന് 1500/- രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പര് 9495582387.

6. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ 'സീനിയർ റിസേർച്ച് ഫെല്ലോ' (ക്ലൈമറ്റ് ചേഞ്ച് ആന്റ് എക്കോസിസ്റ്റം സ്റ്റഡീസ്) തസ്തികയിൽ താത്കാലികാടിസ്ഥാനത്തിലുള്ള നിയമനത്തിന് എഴുത്തു പരീക്ഷയും വാക്ക് ഇൻ ഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർക്ക് അഗ്രിക്കൾച്ചറൽ മീറ്റിയോറോളജി/ മീറ്റിയോറോളജി/ അറ്റ്മോസ്ഫറിക് സയൻസ്/ ക്ലൈമറ്റ് സയൻസ്/ ഇന്റഗ്രേറ്റഡ് ബി.എസ്.സി.- എം.എസ്.സി. ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ എന്നീ വിഷയങ്ങളിലേതിലെങ്കിലും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബിരുദാനന്തരബിരുദം ഉണ്ടായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01-ന് 32 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 മാർച്ച് 13 രാവിലെ 9.30-ന് ഡയറക്ടർ (റിസേർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം- 686009 മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.org.in വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

7. ഇലപ്പേൻ

ലക്ഷണങ്ങൾ

ചെറു പ്രാണികൾ ഇലകളിൽ നിന്ന് നീരൂറ്റിക്കുടിക്കുന്നു.ഇതുമൂലം ഇലകളിൽ മഞ്ഞയോ വെള്ളിനിറത്തിലോ ഉള്ള വരകൾ കാണുന്നു.

ഇലകളുടെ അഗ്രഭാഗം സൂചിപോലെ ചുരുണ്ട് ഇലകൾ കരിഞ്ഞു പോകുന്നതാണ് പ്രധാന ലക്ഷണം.

തവാരണയിലും പാടത്തും കീടത്തിന്റെ ആക്രമണം കണ്ടു വരുന്നു.

നിയന്ത്രണ മാർഗ്ഗങ്ങൾ

പാടത്ത് വെള്ളം കെട്ടി നിർത്തി കീടത്തെ നിയന്ത്രിക്കാം. കീടാക്രമണം രൂക്ഷമാവുകയാണെങ്കിൽ കീടനാശിനികളായ തയോമെതാക്സാം 25WG (2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ) തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം